II ഇ.ബി. XII- കേരള നിയമസഭ/XIV-8

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2010 മാർച്ച് 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

24(*211) ബി.ആർ.എം.എസ്. കോഴ്സ്

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, ഗ്രാമീണ മേഖലയിലെ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിന് ബി.ആർ.എം.എസ്. ബിരുദധാരികളായ ഡോക്ടർമാരെ സൃഷ്ടിക്കാനുള്ള കേന്ദ്ര പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഗ്രാമങ്ങളിലും നഗരങ്ങളിലും ശക്തമായ ആരോഗ്യ സംവിധാനങ്ങൾ നിലവിലുള്ള കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ കോഴ്സ് തുടങ്ങേണ്ടതില്ലെന്ന ആരോഗ്യ വകുപ്പിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത കോഴ്സിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആയിരിക്കുമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 50 ശതമാനം മെരിറ്റിൽ

എൻട്രൻസ് ലിസ്റ്റിൽ നിന്നും പ്രവേശനം നേടിയവർക്കും ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2306 ഡോക്ടർമാരെ പി.എസ്.സി. മുഖേന നിയമിക്കുകയും ഡോക്ടർമാരുടെ ശമ്പളത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനില്ലാത്ത ഡോക്ടർമാരെ ചികിത്സ നടത്താൻ അനുവദിക്കുകയില്ല. ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി കേഡറും അഡ്മിനിസ്ട്രേറ്റീവ് കേഡറും കൊണ്ടുവരുന്നതിന് ഉത്തരവായിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ബ്ലോക്ക് അതിർത്തിയിലെ ഒരു മേജർ സി.എച്ച്.സി.യിലെങ്കിലും ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതാണ്. സി.എച്ച്.സി.കളിലെ ഡോക്ടർമാർ വേണ്ടത്ര ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നില്ലെന്ന പരാതി സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും കൂടുതൽ നഴ്സുമാരെ സി.എച്ച്.സി.കളിൽ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ സി.എച്ച്.സി.കളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ വെന്നും മന്ത്രി അറിയിച്ചു. സി.എച്ച്.സി-കളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പി.എച്ച്.സി-കളിലെ ഡോക്ടർമാർക്ക് രോഗപ്രതിരോധ പ്രവർത്തന ങ്ങൾക്കുള്ള ഫീൽഡ് വർക്കുകൾകൂടി ചെയ്യേണ്ടതുള്ളതിനാൽ അവിടെ കിടത്തി ചികിത്സ അപ്രായോഗികമാണ്. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഡോക്ടർമാരേയും ഫാക്കൽറ്റീസിനേയും പിരിച്ചു

വിടാനുള്ള തീരുമാനം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണെന്നും തൃശ്ശൂർ മെഡിക്കൽ കോളേജിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ നേതൃത്വത്തിൽ പേ വാർഡ് നിർമ്മിക്കുന്നതിന് ശ്രമിക്കുന്നുണ്ടെന്നും തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് സഞ്ചരിക്കുന്ന ക്ലിനിക്കുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

25(*212) <u>കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആരോഗ്യ വിദ്യാഭ്യാസമേഖലയെ കൂടുതൽ കാര്യക്ഷമമാക്കി അക്കാദമിക് നിലവാരം ഉയർത്തുന്നതിനും ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനത്തിന് ഊന്നൽ നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് സ്ഥാപിക്കുവാൻ തീരുമാനിച്ചതെന്ന് സഭയെ അറിയിച്ചു. അസോസിയേഷൻ ഓഫ് കോമൺവെൽത്ത് യൂണിവേഴ്സിറ്റീസ് മുൻ ചെയർമാനും ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മുൻ ഡയറക്ടറും പ്രശസ്തനായ ആരോഗ്യ വിദ്യാഭ്യാസ പണ്ഡിതനുമായ ഡോ. കെ മോഹൻദാസ് വൈസ് ചാൻസലറായി ചുമതലയേറ്റിട്ടുണ്ട്. പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ, ഡീൻ, ഫിനാൻഷ്യൽ ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നീ തസ്തികകളിലേയ്ക്കും മറ്റ് ആവശ്യമായ തസ്തികകളിലേയ്ക്കുമുള്ള നിയമന നടപടികളും യൂണിവേഴ്സിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങളും ത്വരിതഗതിയിൽ പൂർത്തിയായിവരികയാണ്. സ്ഥലം

വിട്ടുകിട്ടുന്ന കാര്യത്തിൽ തീരുമാനമായാൽ ഈ വർഷംതന്നെ മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും ആധുനിക വൈദ്യ ശാസ്ത്രം, ദന്തൽ, ആയുർവ്വേദം, ഹോമിയോ, സിദ്ധ, നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ കോഴ്സുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന 181 കോളേജുകൾ പുതിയ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യും. ആരോഗ്യ മേഖലയിൽ നിരവധി പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. 2010-11 മുതലുള്ള വിദ്യാർത്ഥികളുടെ പ്രവേശനവും പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള അക്കാദമിക് കാര്യങ്ങളും പുതിയ സർവ്വ കലാശാല കൈകാര്യം ചെയ്യും. കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് കർശനമായ ഇടപെടലുകൾ നടത്തുകയും വൈദ്യശാസ്ത്ര ത്തിന്റെ അതിനൂതനമായ സാദ്ധ്യതകൾക്കനുസരിച്ച് കോഴ്സുകളും പാഠ്യ പദ്ധതികളും ക്രമീകരിക്കുകയും ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കു ന്നതിനും മറ്റും അവസരമൊരുക്കുകയും ചെയ്യും. സാധാരണ നിലയിലുള്ള ഒരു അഫിലിയേറ്റ് യൂണിവേഴ്സിറ്റി എന്നതിലുപരി പൊതുജനാരോഗ്യ രംഗത്തെ ഗവേഷണത്തിന് കൂടുതൽ ഊന്നൽ നൽകി എക്സ്പേർട്ടായ വർക്ക് അതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ് ഈ യൂണിവേഴ്സിറ്റിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. സമൂഹത്തിലെ ആരോഗ്യ പ്രശ്നങ്ങളെ ഗൗരവമായി സമീപിച്ച് പരിപാടികൾ ആവിഷ്കരിക്കുകയും വിവിധ വൈദ്യശാസ്ത്ര ശാഖകൾ പ്രത്യേകമായി പ്രവർത്തിക്കുകയും ആശയ വിനിമയത്തിനും യോജിച്ചുള്ള ഗവേഷണത്തിനും സാഹചര്യമൊരു

ക്കുകയും ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസിയായി ഈ യൂണിവേഴ്സിറ്റി പ്രവർത്തിക്കുകയും ചെയ്യും. സർവ്വകലാശാലയുടെ വിവിധ സമിതികൾ യോഗം ചേർന്ന് വിശദമായ പദ്ധതികൾ ആസൂത്രണം ചെയ്യും. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നേതൃത്വം നൽകാൻ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്താവുന്നതാണെന്നും മെഡിക്കൽ യൂണിവേഴ്സിറ്റിക്ക് കൂടുതൽ അധികാരാവകാശങ്ങൾ കൊടുക്കേണ്ടതുണ്ടോയെന്ന് നിയമനിർമ്മാണ വേളയിൽ പരിശോധിക്കാമെന്നും വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന വിദഗ്ദ്ധ ഡോക്ടർമാരെ കേരളത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളതെന്നും 2010 മാർച്ച് 31-ന് റിട്ടയർ ചെയ്യുന്ന ഡോക്ടർമാരുടെ ഒഴിവുകൾ റിട്ടയർമെന്റ് തീയതി കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ നികത്തുന്നതിനുള്ള സംവിധാനമായിക്കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

26(*213) <u>കൊല്ലം തുറമുഖ വികസനം</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, ബേപ്പൂർ തുറമുഖത്തുനിന്നും ലക്ഷദ്വീപിലേയ്ക്ക് കപ്പൽ സർവ്വീസ് നടന്നുകൊണ്ടിരിക്കുകയാണെന്നും കൊല്ലത്തുനിന്നും ലക്ഷദ്വീപിലേയ്ക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് ലക്ഷദ്വീപ് അധികൃതരുമായി ചർച്ചകൾ നടന്നുവരുന്നുവെന്നും കോസ്റ്റൽ ഷിപ്പിംഗിനാവശ്യമായ നടപടികൾ ഈ വർഷം സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഡ്രെഡ്ജിംഗ് നടത്തി വലിയ കപ്പലുകൾ കൊല്ലം തുറമുഖത്ത് അടുപ്പിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്. തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നിയോഗിച്ച കമ്പനിയുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൊല്ലം തുറമുഖത്തെ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന കാര്യവും ഇൻലാൻഡ് വാട്ടർ വേയ്സുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്ന കാര്യവും സജീവ പരിഗണനയിലാണ്. കൊല്ലം തുറമുഖത്തെ ഒരു കസ്റ്റംസ് പോർട്ടാക്കി ചരക്ക് ഗതാഗതത്തിന് തുറന്നുകൊടുത്തതിന്റെ ഫലമായി ഏകദേശം 400 പേർക്ക് ടേൺ അനുസരിച്ച് തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27 (*214) <u>സെന്റർ ഓഫ് എക്സലൻസ്</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ദേശീയ മാനസികാരോഗ്യ പരിപാടിയിൽ (എൻഎംഎച്ച്പി) രാജ്യത്ത് 11 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസിന് (ഇംഹാൻസ്) 30 കോടി രൂപയുടെ പദ്ധതിയായ സ്കീം-എയിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തെത്തുടർന്ന് വിദഗ്ദ്ധ സമിതി നടത്തിയ പരിശോധ നയുടേയും തുടർ നടപടികളുടേയും അടിസ്ഥാനത്തിൽ അംഗീകാരം നൽകി യതായി എൻഎംഎച്ച്പി സ്റ്റിയറിംഗ് കമ്മിറ്റി അറിയിച്ചിരുന്നുവെന്ന് സഭയെ അറിയിച്ചു. സ്കീം-എയിൽ ഉൾപ്പെടുത്തി തുടങ്ങുന്ന ആദ്യത്തെ കേന്ദ്രം കോഴിക്കോട്ട് ആയിരിക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായ മെന്ന് കാണിച്ച് വീണ്ടും കത്ത് അയയ്ക്കുകയുണ്ടായി. തിരുവനന്തപുരം

മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗത്തെയും മികവിന്റെ കേന്ദ്രമാക്കാനുള്ള സാദ്ധ്യതയുണ്ടെന്ന അഭിപ്രായങ്ങൾ കണക്കിലെടുത്ത് അതിനവേണ്ടിയും അപേക്ഷ നൽകുകയുണ്ടായിയെന്നും ഇതുസംബന്ധിച്ച് അന്തിമ അറിയിപ്പ് ലഭിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹനമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹനമിടാത്ത 1840 മുതൽ 2071 വരെയുള്ള ചോദ്യങ്ങളിൽ 115 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)